LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, അടിയ, പണിയ വിഭാഗം ആദിവാസികൾ ഏറ്റവും പിന്നോക്കം നിൽക്കുന്നവരാണ് എന്നുള്ള വിവരം അങ്ങേയ്ക്ക് അറിയാം. 2001-2002 മുതൽ 2003-2004 വരെയുള്ള മൂന്ന് വർഷം അവരുടെ വികസനത്തിനു വേണ്ടി പാക്കേജായി വകയിരുത്തിയ ആകെ തുക 315 ലക്ഷമാണെന്ന് പറഞ്ഞു. അതിൽ 61,50,000 രൂപ ഇതുവരെ ചെലവാക്കിയിട്ടില്ല. കേന്ദ്രഗവണ്മെന്റ് ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 35.50 കോടി രൂപ ചെലവഴിച്ചിട്ടില്ല. അത് അടിയന്തിരമായി ചെലവഴിക്കാൻ ഒരു മാസത്തിനകം ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: അടിയ-പണിയർക്കു വേണ്ടിയുള്ളതിൽ 2001-2002 വർഷങ്ങളിൽ ഏതാണ്ട് മുഴുവൻ തുകയും ചെലവാക്കിയിട്ടുണ്ട്. എന്നാൽ ഈ വർഷം ഡിസംബർ വരെയുള്ളതാണ് 40.48 ലക്ഷം രൂപ. ബാക്കി 60 ലക്ഷം രൂപ പരമാവധി ചെലവഴിക്കാൻ സാധിക്കും. ഈ വർഷം കേന്ദ്രഗവണ്മെന്റ് അനുവദിച്ചിട്ടുള്ള വിവിധ പരിപാടികൾ അതായത്, പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിൽ പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ, വയനാട് ജില്ലയിലെ കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ, ആദിവാസി പുനരധിവാസത്തിനുള്ള സാമ്പത്തിക സഹായം മുതലായവ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ തുക ലാപ്സാകുന്ന വിഷയം ഇല്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ടൂറിസം വിഷൻ 2025-ന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ

*4 [334] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പിരപ്പൻകോട് മുരളി:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വ്യവസായത്തെ പ്രോൽസാഹിപ്പിക്കുവാൻ ടൂറിസം വിഷൻ 2025-ന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ബി) ആനുകൂല്യങ്ങൾ നൽകുന്നതിനും ടൂറിസം വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനും വാടകനിയന്ത്രണ നിയമം, തൊഴിൽ നിയമം, കെട്ടിട നിർമ്മാണ നിയമം, എക്സൈസ് നിയമം തുടങ്ങിയവ പുനഃപരിശോധിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നുവോ;

(സി) ബന്ധപ്പെട്ട നിയമങ്ങളിൽ എന്തെല്ലാം സംഗതികളാണ് പുനഃപരിശോധിച്ചിട്ടുള്ളത്; പരിഗണനയിലിരിക്കുന്നവ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(ഡി) ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപകർക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സബ്സിഡി ഉൾപ്പെടെ എന്തെല്ലാം സംഗതികളിൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്; അവയുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) വിനോദസഞ്ചാര വ്യവസായത്തെ പ്രോൽസാഹിപ്പിക്കുവാൻ താഴെ പറയുന്ന ആനുകൂല്യങ്ങൾ ടൂറിസം വിഷൻ 2025-ന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

1. 10% ഇൻവെസ്റ്റ്മെന്റ് സബ്സിഡി (പരമാവധി പത്ത് ലക്ഷം രൂപ)
2. ഇലക്ട്രിസിറ്റി താരിഫ് ഇളവ്
3. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്ക് 15% ഇൻവെസ്റ്റ്മെന്റ് സബ്സിഡി (പരമാവധി അഞ്ച് ലക്ഷം രൂപ)
4. അമ്പത് കോടിയിൽ അധികം മുതൽമുടക്കുള്ള പദ്ധതികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ (പ്രോജക്ടുകൾ പ്രത്യേകം പ്രത്യേകം പഠനവിധേയമാക്കിയതിന് ശേഷം)
5. വിദേശ മൂലധന നിക്ഷേപം ആകർഷിക്കുന്നതിന് പ്രത്യേക ഇൻസെന്റീവ്

(ബി) പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) തൊഴിൽ നിയമം പുനഃപരിശോധിച്ച് ഗവൺമെന്റ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. മറ്റുള്ള നിയമങ്ങൾ പരിശോധിച്ച് വരുന്നു.

(ഡി) ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപകർക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി മൂലധന നിക്ഷേപത്തിന് 10% ഇൻവെസ്റ്റ്മെന്റ് സബ്സിഡി, ഇലക്ട്രിസിറ്റി താരിഫിൽ ഇളവ്, മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്ക് 15% സബ്സിഡി, അമ്പത് കോടി രൂപയ്ക്ക് മുകളിൽ മുതൽ മുടക്കുള്ള പദ്ധതികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ എന്നിവയ്ക്ക് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. † പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly